# ദുഷ്ടനും; എളിയവന്റെ പ്രാർത്ഥനയും

## സങ്കീർത്തനങ്ങൾ 10:2

**“ദുഷ്ടന്റെ അഹങ്കാരത്താൽ എളിയവൻ തപിക്കുന്നു; അവർ നിരൂപിച്ച ഉപായങ്ങളിൽ അവർ തന്നേ പിടിപെടട്ടെ.”**

ഇന്നത്തെ ലോകത്തിന്റെ അവസ്ഥക്ക് ഏറ്റവും അനുയോജ്യമായ ചിന്തക്കുള്ള ഒരു വേദഭാഗമാണിത്. വായിക്കുമ്പോൾ വളരെ ലളിതമെന്നു തോന്നുമെങ്കിലും അതിന്റെ ഓരോ വാക്കുകളിലേക്കും ഇറങ്ങിച്ചെല്ലുമ്പോൾ, അതിന്റെ പൂർണ്ണമായ അർത്ഥത്തിലേക്ക് അതു നമ്മെ നയിക്കും. ദുഷ്ടന്റെ അഹങ്കാരത്താൽ എളിയവൻ തപിക്കുന്നു (നിരാശ്ശനാകുന്നു) എന്നു പറഞ്ഞു വെയ്ക്കുമ്പോൾ, ഇവിടെ ദുഷ്ടൻ എന്നു പറഞ്ഞിരിക്കുന്നത് ഒരു അർത്ഥത്തിലല്ല എന്നു നാം ഓർക്കണം. ദുഷ്ടത പ്രവർത്തിക്കുന്നവരെ മാത്രമല്ല ദുഷ്ടനായി ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. സ്വയം എന്ന ഭാവത്തോടെ ഈ ലോകത്തിൽ അഹങ്കാരത്തിന്റെ മിഥ്യാമൂർത്തികളായി തീർന്നിരിക്കുന്നവരെയെല്ലാം ഇവിടെ ദുഷ്ടഗണത്തിൽ പെടുത്താം. അതു പണമായോ, വിദ്യയായോ, അധികാരമായോ എന്നിരിക്കട്ടെ ഏതിനാൽ ഒരുവൻ തന്നിൽ തന്നെ ആശ്രയിച്ച് ദൈവത്തെ മറന്ന് ജീവിതം കാഴ്ചവെയ്ക്കുന്നുവോ, അവനെ നമുക്ക് ദുഷ്ടനായി കണക്കിടാം. അപ്പോൾ എളിയവൻ ആരായിരിക്കും എന്നു നമുക്കനുമാനിക്കാവുന്നതേയുള്ളൂ. അവൻ ദൈവത്തോടൊപ്പം എന്നും നിലകൊള്ളുന്നവനാണ്. ഒരുതരത്തിൽ പറഞ്ഞാൽ ഇന്നത്തെ ലോകത്ത് ദൈവം കൂടെയുള്ളവനെ, അല്ലെങ്കിൽ ദൈവത്തോടൊപ്പം നിൽക്കുന്നവനെ തീർത്തും ഞെരുക്കത്തിന്റെ അവസ്ഥയിലേക്ക് തള്ളിവിടാൻ പിശാച് പരിശ്രമിക്കുന്നതിന്റെ ഒരു പരിണിതഫലമെന്നു വേണമെങ്കിൽ ഇതിനെ കണക്കാക്കാം.

ഒന്നു നോക്കിയാൽ ഇത് ഇന്ന് വ്യക്തി-വ്യക്തി എന്നുള്ളതിനപ്പുറം രാജ്യം-രാജ്യത്തോട് എന്ന നിലയിലേക്കെത്തി നിൽക്കുന്നു. ഇന്നു ചെറു രാജ്യങ്ങളെയും മറ്റും തങ്ങളുടെ അധികാരവും സൈന്യബലവും മറ്റും ഉപയോഗിച്ച് വങ്കിട രാജ്യങ്ങൾ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണുവാൻ കഴിയുന്നത്. ലോകത്തിനു തന്നെ ഭീഷണി മുഴക്കിക്കൊണ്ടാണ് ഇന്നു പല രാജ്യങ്ങളും പലതരത്തിലുള്ള ആയുധങ്ങളും യുദ്ധമുറകളും ലോകത്തിൽ അതരിപ്പിക്കുന്നത്. ഒരു വിരൽ അമർത്തിയാൽ ലോകം തന്നെ കത്തി ചാമ്പലാകാൻ തരത്തിൽ പാകപ്പെടുത്തിയെടുത്ത ആയുധങ്ങൾ ഇന്നു മനുഷ്യ ജീവനു വരെ ഭീഷണിയായിക്കൊണ്ടിരിക്കുന്നു. ഈ യുദ്ധങ്ങൾ മൂലം തങ്ങളുടേതായുള്ള എല്ലാം ഉപേക്ഷിച്ച് സ്വന്തം രാജ്യം വിടേണ്ടവർ അനവധി, അവർ അഭയാർത്ഥികളായി മറ്റു

രാജ്യങ്ങളിൽ അഭയം തേടുന്ന അവസ്ഥ നാം നിരന്തരം കാണുന്നതാണ്. ഇങ്ങനെയുള്ള അവസ്ഥയിൽ അക്കൂട്ടത്തിൽ ദൈവ വിശ്വാസമുള്ളവർ പോലും ഒരു പക്ഷെ ചോദിച്ചു പോയേക്കാം തങ്ങളുടെ ദൈവം എന്തുകൊണ്ട് തങ്ങൾക്ക് ഇങ്ങനെ ഒരു അവസ്ഥ വരുത്തി, അല്ലെങ്കിൽ എന്തിനു വേണ്ടി തങ്ങളെ ദുഷ്ട ജനത്തിന്റെ കൈകളിൽ ഏൽപ്പിച്ചു കൊടുത്തു, എന്തു കൊണ്ടാണ് ദൈവം തങ്ങളെ സഹായിക്കാൻ വരാത്തത് എന്നൊക്കെ. ഒരു തരത്തിൽ പറഞ്ഞാൽ അവർ നിരാശയിലേക്കു കടന്നു പോകും.

എന്നാൽ **മത്തായി 26:52** ൽ ഇപ്രകാരം പറയുന്നു "യേശു അവനോടു: വാൾ ഉറയിൽ ഇടുക; വാൾ എടുക്കുന്നവർ ഒക്കെയും വാളാൽ നശിച്ചു പോകും." തന്നെ കുറ്റവിചാരണ ചെയ്‌വാൻ പിടിച്ചു കൊണ്ടുപോകാൻ വന്ന മഹാപുരോഹിതന്മാരുടെ ദാസനെ യേശുവിന്റെ ശിഷ്യന്മാരിൽ ഒരുവൻ വാൾ ഊരി വെട്ടിയപ്പോൾ യേശു അവനോട് പറയുന്ന വചനമാണിത്. തന്നെ ആക്രമിക്കുന്നവരോട് ക്ഷമിക്കാൻ പഠിപ്പിക്കുന്ന യേശുവിനെയാണു നാം അവിടെ കാണുന്നത്. അതിലൂടെ യേശു കാണിച്ചുതരുന്നത് നിന്നെ ഉപദ്രവിക്കുന്ന അല്ലെങ്കിൽ പീഢിപ്പിക്കുന്ന ദുഷ്ടജനത്തോടും നീ ഇതു തന്നെയാണ് ചെയ്യേണ്ടത്. അവനോട് മറുത്തു നിൽക്കുവാനോ, പകരം ചോദിക്കുവാനോ അല്ലെങ്കിൽ അതിൽ നിരാശപ്പെടുകയോ അല്ല ചെയ്യേണ്ടത് പകരം അവനോട് ക്ഷമിക്കുക, അവനു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുക. അവനെ ഈ ദുഷ്ടതകളിൽ നിന്നു വിടുവിക്കാൻ നല്ലവനായ ദൈവത്തോട് യാചിക്കുക. അതു തന്നെയല്ലേ കർത്താവും ക്രൂശിൽ കിടന്നു നമുക്ക് കാണിച്ചു തന്നത്. തന്നെ ക്രൂശിലേറ്റിയ റോമൻ പടയാളികളെയോർത്ത് കർത്താവ് ദൈവത്തോട് ഇപ്രകാരം യാചിക്കുന്നു, പിതാവേ ഇവർ ചെയ്യുന്നതെന്തന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ എന്ന്.

**2 കൊരിന്ത്യർ 3:17** ൽ പറയുന്നു "കർത്താവു ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യം ഉണ്ടു."

**യോഹന്നാൻ 8:32** ൽ പറയുന്നു "സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും."

ദൈവ വചനവും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ഇടപെടലും ദുഷ്ടന്റെ ജീവിതത്തിൽ ഉണ്ടായെങ്കിൽ മാത്രമേ അവർക്കു ഒരു മാനസാന്തരം ഉണ്ടാവൂ. അതു സാധ്യമാകണമെങ്കിൽ അവർക്കു വേണ്ടി നാം നിരന്തരം പ്രാർത്ഥിക്കുകയും കർത്താവിന്റെ സാക്ഷ്യങ്ങൾ അവർക്കു കാണിച്ചു കൊടുക്കാൻ ശ്രമിക്കുകയും വേണം. ഒരു പക്ഷെ നാം വീണ്ടും വീണ്ടും അവരാൽ പീഢിപ്പിക്കപ്പെട്ടെന്നു വരാം എന്നാൽ

അതിൽ തളരാതെ നമ്മുടെ കർത്തവ്യങ്ങളെ നാം ചെയ്യുക. അവർ മനം തിരിയുന്നില്ല എങ്കിൽ അവർ നിരൂപിച്ച ഉപായങ്ങളിൽ അവർ തന്നേ പിടിപെടട്ടെ എന്നു ദൈവത്തിന്റെ വചനം പറയുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

നെഹെമ്യാവു 1:5–6

സ്വർഗ്ഗത്തിലെ ദൈവമായ യഹോവേ, നിന്നെ സ്നേഹിച്ചു നിന്റെ കൽപനകളെ പ്രമാണിക്കുന്നവർക്കു നിയമവും ദയയും പാലിക്കുന്ന മഹാനും ഭയങ്കരനുമായ ദൈവമേ, നിന്റെ ദാസന്മാരായ യിസ്രായേൽമക്കൾക്കു വേണ്ടി രാവും പകലും നിന്റെ മുമ്പാകെ പ്രാർത്ഥിക്കയും യിസ്രായേൽമക്കളായ ഞങ്ങൾ നിന്നോടു ചെയ്തിരിക്കുന്ന പാപങ്ങളെ ഏറ്റുപറകയും ചെയ്യുന്ന അടിയന്റെ പ്രാർത്ഥന കേൾക്കേണ്ടതിന്നു നിന്റെ ചെവി ശ്രദ്ധിച്ചും നിന്റെ കണ്ണു തുറന്നും ഇരിക്കേണമേ.

ബ്രദർ ബിനു ബേബി ആലപ്പുഴ 051